# പതിനാലാം കേരള നിയമസഭ

## പതിനാറാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 901 — 30/10/2019 ൽ മറുപടിയ്ക്ക്

### കണ്ടൽ വനങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എം.ഷാജി<br>,, പി.കെ.അബ്ദു റബ്ബ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | ചെറു ജീവികളുടേയും മത്സ്യങ്ങളുടേയും ആവാസകേന്ദ്രമായ കണ്ടൽക്കാടുകളുടെ വിസ്തൃതിയിലുണ്ടായ ശോഷണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ | കണ്ടൽക്കാടുകൾ സ്വകാര്യമേഖലയിലും ഉണ്ട്. അവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല. അതുകൊണ്ട് തന്നെ അവയുടെ ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി<br><br>സി | സംസ്ഥാനത്ത് കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനും വിപുലീകരണത്തിനുമായി പ്രത്യേക സംവിധാനങ്ങൾ കൊണ്ടു വരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;<br><br>ഇതിനായി വനം വകുപ്പ് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി & സി | കണ്ടൽ വനങ്ങളുടെ സ്ഥായിയായ സംരക്ഷണത്തിനും വിപുലീകരണത്തിനുമായി സർക്കാർ ഭൂമിയിലുള്ള കണ്ടൽ വനങ്ങൾ റിസർവ്വാക്കുന്നതിനും, സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ ഏറ്റെടുത്ത് റിസർവ്വാക്കുന്നതിനുമുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ച് വരുന്നു. ഇത് സംബന്ധിച്ച് നിലവിൽ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. |
| ഡി | കണ്ടൽകാടുകളുടെ വിസ്തൃതി സംബന്ധിച്ച് പുതിയ സർവ്വെകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ഡി | തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് സോഷ്യൽഫോറസ്ട്രി ഡിവിഷനുകളിൽ സ്വകാര്യ കണ്ടൽ വനങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി മാപ്പ് തയ്യാറാക്കുന്നതിലേക്കായി റവന്യൂ വകുപ്പുമായി ചേർന്ന് സർവ്വേ നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| ഇ | ജനകീയ പങ്കാളിത്തത്തോടെ സ്ഥായിയായ കണ്ടൽവന സംരക്ഷണ പദ്ധതികൾ നടപ്പാക്കേണ്ട ആവശ്യകത ബോധ്യപ്പെടുത്തുവാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ? | ഇ | കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60%CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ നടത്തിവരുന്ന കണ്ടൽ സംരക്ഷണ പ്രവൃത്തികൾ, ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ ജനകീയ പങ്കാളിത്തത്തോടുള്ള കണ്ടൽ വന സംരക്ഷണ പ്രവർത്തനങ്ങളാണ്. |

സെക്ഷൻ ഓഫീസർ